പതിനാലാം കേരള നിയമസഭ
പതിമൂന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത
നിയമസഭാ ചോദ്യം നം. 1654

04-12-2018-ൽ മറുപടിക്ക്

## തലശ്ശേരി നിയോജക മണ്ഡലത്തിലെ പ്രവൃത്തികൾ

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. എ.എൻ. ഷംസീർ | ശ്രീ. വി.എസ്. സുനിൽ കുമാർ (കൃഷി വകുപ്പ് മന്ത്രി) |
| തലശ്ശേരി നിയോജക മണ്ഡലത്തിൽ കൃഷി വകുപ്പിന്റെ സഹായത്തോടെയുള്ള കണ്ണിച്ചിറ തോട് നവീകരണവും ഭിത്തികെട്ടലും, പാലാഴി തോട് നവീകരണം, കൊട്ടാരക്കണ്ടി പൂവൻതോട് നവീകരണം എന്നീ പ്രവൃത്തികളുമായി ബന്ധപ്പെട്ട് എന്തെല്ലാം നടപടികൾ ആണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ? | കണ്ണൂർ ജില്ലയിലെ ചൊക്ലി പഞ്ചായത്തിലെ പാലാഴി തോടിന്റെ നവീകരണ പ്രവൃത്തിയുടെ Detailed Project Report നബാർഡ് ആർ.ഐ.ഡി.എഫ് 24-ാം ഘട്ടത്തിൽ ഉൾപ്പെടുത്തുന്നതിലേക്കായി കേരള ലാൻഡ് ഡെവലപ്മെന്റ് കോർപ്പറേഷൻ സമർപ്പിച്ചിരുന്നെങ്കിലും സെക്ടറൽ അലോക്കേഷൻ പരിമിതി മൂലം ടി പദ്ധതിക്ക് അംഗീകാരം നൽകാൻ കഴിഞ്ഞിട്ടില്ല. പാലാഴി തോട് നവീകരണത്തിനായി മണ്ണ് പര്യവേഷണ മണ്ണ് സംരക്ഷണ വകുപ്പിൽ ലഭിച്ച നിവേദനത്തിൻമേൽ അന്വേഷണം നടത്തി നടപടി സ്വീകരിച്ചുവരുന്നുണ്ട്.<br>പാലാഴിത്തോടിന്റെ പാർശ്വഭിത്തി നിർമ്മാണം നബാർഡിന്റെ ധനസഹായത്തോടെ നടപ്പിലാക്കുന്നതിനായി 11,00,64,000/- രൂപയുടെ അടങ്കൽ തുക വരുന്ന പദ്ധതിക്കുള്ള വിശദമായ DPR കാർഷിക വികസന കർഷക ക്ഷേമ വകുപ്പ് ഡയറക്ടർ തയ്യാറാക്കിയിട്ടുണ്ട് .<br>കണ്ണൂർ ജില്ലയിലെ എരഞ്ഞോളി പഞ്ചായത്തിലെ പൂവൻ തോടിന്റെ പാർശ്വഭിത്തി സംരക്ഷണ പ്രവൃത്തിയുടെ Detailed Project Report പി.എം.കെ.എസ്.വൈ പദ്ധതിയിൽ ഉൾപ്പെടുത്തുന്നതിനുവേണ്ടി കേരള ലാൻഡ് ഡെവലപ്മെന്റ് കോർപ്പറേഷൻ തയ്യാറാക്കിയിട്ടുണ്ട്. കൊട്ടാരക്കണ്ടി പൂവൻതോടിന്റെ നവീകരണത്തിന് |

| | |
|---|---|
| | ഏകദേശം 2.11 കോടി രൂപ കണക്കാക്കിക്കൊണ്ട് കണ്ണൂർ അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ (കൃഷി), എസ്റ്റിമേറ്റ് തയ്യാറാക്കിയിട്ടുണ്ട്. പദ്ധതിയിൽ ഉൾപ്പെട്ട ചില പ്രദേശങ്ങൾ കണ്ടൽക്കാട് നിറഞ്ഞതാണ്.<br>കണ്ണിച്ചിറ തോട് പ്രവൃത്തിയുടെ എസ്റ്റിമേറ്റ് എടുക്കുന്നതിനുള്ള നടപടി കേരള ലാൻഡ് ഡെവലപ്മെന്റ് കോർപ്പറേഷൻ സ്വീകരിച്ച് വരുന്നു. |

സെക്ഷൻ ഓഫീസർ